ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി ഗ്രാമ പഞ്ചായത്തിൽ വ്യവസായ പാർക്കിനായി 4 ഏക്കർ സ്ഥലം വിലകൊടുത്ത് സിഡ്കോയ്ക്ക് കൈമാറാമെന്ന് പഞ്ചായത്ത് സെക്രട്ടറി കത്തുമുഖേന സിഡ്കോയെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം സിഡ്കോയ്ക്ക് കൈമാറിയാൽ നടപടിയെടുക്കുന്നതാണ്.

(സി) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം സിഡ്കോയ്ക്ക് ലഭ്യമാക്കിയാൽ വ്യവസായികൾക്ക് ആവശ്യമായ റോഡുകൾ, കിണർ, ജലവിതരണ സംവിധാനം, വിദ്യുച്ഛക്തി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കും. കൂടാതെ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിതരണം സിഡ്കോയുടെ റോമെറ്റീരിയൽ ഡിവിഷൻ വഴിയും ഉൽപ്പന്നങ്ങളുടെ വിപണനം മാർക്കറ്റിംഗ് ഡിവിഷൻ വഴിയും നടത്തുന്നതിനുള്ള സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നതാണ്.

22 (597) കെല്ലിലെ തൊഴിൽ കരാറിന്റെ കാലാവധി

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെല്ലിലെ തൊഴിലാളികളുടെ ദീർഘകാല കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്;

(ബി) കരാർ പുതുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 30/6/99-ൽ അവസാനിച്ചു.

(ബി) കാസർഗോഡ് യൂണിറ്റിലെ വേതന പരിഷ്കരണം സംബന്ധിച്ച് ടി യൂണിറ്റിലെ ട്രേഡ് യൂണിയനുകളുമായി മാനേജ്മെന്റ്തലത്തിലും സർക്കാർ തലത്തിലും നിരവധി ചർച്ചകൾ നടന്നു. 17/2/2000-ൽ സർക്കാർ തലത്തിൽ നടന്ന ചർച്ചയിൽ ഇക്കാര്യം സംബന്ധിച്ച് ഒരു ധാരണ ആയിട്ടുണ്ട്.

(സി) ഒപ്പുവെച്ചശേഷമേ വിശദാംശങ്ങൾ നൽകാൻ കഴിയൂ.

23 (598) കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യത്തെ കെൽട്രോൺ കൗണ്ടേഴ്സ് ലിമി. തകർച്ചയിലേക്ക് നീങ്ങുകയാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ;

(സി) ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കുവാൻ അടിയന്തിരമായി നടപടികൾ കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. സി.ഐ.എഫ്.ആർ. അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നു. പുനരുദ്ധാരണ പദ്ധതിക്ക് 313 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്.

(സി)&(ഡി) കേന്ദ്ര പ്രതിരോധ വകുപ്പിൽനിന്നും ഇതര സംസ്ഥാന വൈദ്യുതി ബോർഡുകളിൽനിന്നും കമ്പനിക്ക് പരമാവധി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പ്രതിരോധ വകുപ്പിൽനിന്നും 772 ബി.എം.പി. ടാങ്കുകൾക്ക് വേണ്ട ഉപഘടകങ്ങൾ നിർമ്മിച്ചു നൽകുവാനുള്ള ഓർഡർ ലഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. അതുപോലെ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽനിന്നും, റേറ്റ് കോൺട്രോക്ട് അടിസ്ഥാനത്തിൽ, ഇലക്ട്രോണിക് എനർജി മീറ്ററുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള ഓർഡർ ലഭിക്കുന്നതിനും നടപടി ആരംഭിച്ചു. ഇതുകൂടാതെ, സൗരോർജ്ജാധിഷ്ഠിത ഉപകരണങ്ങളും സംവിധാനങ്ങളും വികസിപ്പിക്കുവാനും നിർമ്മിക്കുവാനും കമ്പനി തീരുമാനിച്ചിട്ടുണ്ട്.

പ്രതിരോധ വകുപ്പ് ചിലയിനം ടാങ്കുകളുടെ ഉൽപ്പാദനം മരവിപ്പിച്ചതിനാലാണ് കമ്പനിയുടെ ഓർഡർ നിലവാരം കുറഞ്ഞുവന്നത്. ഈ സ്ഥിതിവിശേഷം ഒരു താൽക്കാലിക പ്രതിഭാസമാണ്. പ്രതിരോധ വകുപ്പ് തീരുമാനം പുനഃപരിശോധിക്കുകയും ഒഴിവാക്കിയ ടാങ്കുകളുടെ ഉത്പാദനം പുനരാരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തതായി അറിയുന്നു. ഈ മേഖലയിലും കമ്പനിയുടെ ഓർഡർനില മെച്ചപ്പെടുത്തുവാൻ കഴിയുമെന്നാണ് കരുതുന്നത്.

24 (599) കെൽട്രോൺ പുനരുദ്ധാരണം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ പുനരുദ്ധാരണത്തിന് എത്ര തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കോഴിക്കോട് ജില്ലയിലെ നന്തി കെൽട്രോൺ യൂണിറ്റിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെൽട്രോൺ പുനരുദ്ധാരണത്തിന് വേണ്ടി സർക്കാർ 89.95 കോടി രൂപയുടെ പദ്ധതിയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 23 കോടി രൂപ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.

(ബി) കെൽട്രോണിന്റെ ഏകദേശം 200 കോടിയോളം വരുന്ന സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുത്തു. ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly